**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5018** **20-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ; എത്ര പരാതികളിന്മേൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (എ) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് നടപടി സ്വീകരിക്കുന്നതിനായി 2013 ലെ POSH Act നിലവിലുണ്ട്. ടി നിയമപ്രകാരം നിയമിച്ചിട്ടുള്ള Internal Complaints Committee, Local Complaints Committee എന്നീ കമ്മിറ്റികൾക്കാണ് നിയമപ്രകാരം പരാതി നൽകേണ്ടത്. തൊഴിൽ വകുപ്പിൽ ലേബർ കമ്മീഷണറേറ്റിലും, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിലും, വ്യാവസായിക പരിശീലന വകുപ്പിലും, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കേരളം വകുപ്പിലും, ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് വകുപ്പിലും 2016 മുതൽ നാളിതുവരെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് ലഭിച്ച പരാതികളുടെ വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**തൊഴിൽ വകുപ്പിൽ 2016 മുതൽ നാളിതുവരെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് ലഭ്യമായ പരാതികളും ആയതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ചും വർഷം തിരിച്ചുള്ള വിവരം.**

**തൊഴിൽ വകുപ്പ് - ലേബർ കമ്മീഷണറേറ്റ്**

| ക്രമ നം. | വർഷം | പരാതിയുടെ എണ്ണം | സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1. | 2020 | 2 | 2 പരാതികളിലും നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. എന്നാൽ ഒരു പരാതിയിൽ പരാതിക്കാരൻ സർക്കാരിൽ അപ്പീൽ നല്കിയിട്ടുള്ളതാണ്. മേൽ അപ്പീൽ പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിച്ച് അപ്പീൽ തീർപ്പാക്കുന്നതിന് അപ്പലേറ്റ് അതോറിറ്റിയായ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം-ന് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. |

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്**

| ക്രമ നം. | വർഷം | പരാതിയുടെ എണ്ണം | സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1. | 2016 | 1 | ആരോപണ വിധേയനായ ജീവനക്കാരനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തു. |
| 2. | 2019 | 1 | അന്വേഷണം നടത്തി ഉത്തരവാദിയായ ജീവനക്കാരനെ സ്ഥലം മാറ്റുകയും ടിയാൾക്കെതിരെയുള്ള അച്ചടക്ക ലംഘനനടപടി കർശനമായി താക്കീതു നൽകി അവസാനിപ്പിക്കുകയും ചെയ്തു. |
| 3. | 2021 | 1 | അന്വേഷണം നടത്തി ഉത്തരവാദിയായ ജീവനക്കാരനെ സസ്പെൻഡ് ചെയ്യുകയും സ്ഥലമാറ്റം നടത്തി നിലവിലുള്ള തസ്തികയിൽ നിന്നും തരം താഴ്ത്തുകയും ചെയ്തു. |
| 4. | 2022 | 1 | ഉത്തരവാദിക്കെതിരെ അന്വേഷണം നടത്തി ശിക്ഷണ നടപടിയുടെ ഭാഗമായി സ്ഥലം മാറ്റം നൽകുകയും ചെയ്തു. |

| | | | |
|---|---|---|---|
| 5. | 2024 | 3 | ഒരു പരാതിയിൽ അന്വേഷണം നടത്തി പരാതി അവസാനിപ്പിച്ചിട്ടുള്ളതാണ്. രണ്ട് പരാതികളിൽ അന്വേഷണം നടന്ന് വരികയാണ്. |
| 6. | 2025 | 1 | പരാതിക്കാരി സിറ്റിങ്ങിന് ഹാജരാകാതിരിക്കുകയും ആരോപണ വിധേയരുടെ മൊഴിയെടുക്കുകയും പരാതിയിൽ കഴമ്പില്ലെന്ന് കമ്മിറ്റിക്ക് മനസിലാകുകയും ചെയ്തതിനാൽ ആരോപണ വിധേയർക്കെതിരെ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. |

**വ്യാവസായിക പരിശീലന വകുപ്പ്**

| ക്രമ നം. | വർഷം | പരാതിയുടെ എണ്ണം | സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1. | 2019 | 1 | പരാതിയിൽ കഴമ്പില്ല എന്ന് കണ്ടെത്തി നടപടി അവസാനിപ്പിച്ചു |
| 2. | 2024 | 2 | (1) ഒരു പരാതിയിൽ സ്ത്രീത്വത്തെ അപമാനിച്ചതായി പറഞ്ഞിരുന്നുവെങ്കിലും എന്നാൽ അന്വേഷണത്തിൽ ആയത് കണ്ടെത്തുന്ന തരത്തിൽ തെളിവുകൾ ലഭിച്ചിരുന്നില്ലാത്തതിനാൽ ഒരു വനിത ഉദ്യോഗസ്ഥയോട് കയർത്ത് സംസാരിച്ചതിൽ ആരോപണ വിധേയന് എതിരെ സെൻഷർ നടപടി സ്വീകരിച്ചു.<br>(2) രണ്ടാമത്തെ പരാതിയിൽ ആരോപണവിധേയന് എതിരെ വകുപ്പുതല അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി ടിയാനെ സ്ഥലം മാറ്റിയിട്ടുണ്ട്. |

**നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കേരളം വകുപ്പ്**

| ക്രമ നം. | വർഷം | പരാതിയുടെ എണ്ണം | സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1. | 2023 | 1 | എതിർകക്ഷി പരസ്യമായി മാപ്പപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരാതിയിന്മേലുള്ള നടപടി പൂർത്തീകരിച്ചു. |

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്

| ക്രമ നം. | വർഷം | പരാതിയുടെ എണ്ണം | സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1. | 2016 | 1 | ആർക്ക് എതിരെയാണ് പരാതി ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കാനാകാതെ പരാതി തീർപ്പാക്കി. |
| 2. | 2019 | 1 | POSH Act, 2013-ന്റെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പരാതി തീർപ്പാക്കി. |

സെക്ഷൻ ഓഫീസർ